# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2677** 12-03-2018-ൽ മറുപടി നൽകേണ്ടത്

**ഉന്നത-സാങ്കേതിക വിദ്യാഭ്യാസമേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി. കെ.നാണു<br>ശ്രീ. കോവ്വൂർ കുഞ്ഞുമോൻ<br>ശ്രീ. കെ. ബി. ഗണേഷ് കുമാർ | : പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നത - സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടു വരാൻ കേരള സംസ്ഥാന ആസൂത്രണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ട് വച്ച ശിപാർശകൾ വിശദീകരിക്കുമോ; ഈ ശിപാർശകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് നടപ്പിലാക്കുവാൻ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) ഉന്നതസാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, ഗുണഫലങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും, വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി അധ്യാപന-പഠനപ്രക്രിയ, ഗവേഷണം, അടിസ്ഥാന സൗകര്യം, നൈപുണ്യ വികസനം, നവീകരണം എന്നീ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പ് പ്രത്യേക ശിപാർശകൾ നടത്തിയിട്ടുണ്ട്. |

| | |
|---|---|
| | **<u>പ്രധാന ശിപാർശകൾ - ഉന്നത വിദ്യാഭ്യാസം</u>**<br>ഉന്നത വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കേരള സംസ്ഥാന ആസൂത്രണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ട് വച്ച ശിപാർശകൾ താഴെപറയുന്നവയാണ്:<br>1. മാസ്സിവ് ഓപ്പൺ ഓൺലൈൻ പ്രോഗ്രാമുകൾ (MOOCS)<br>2. ദേശീയ വിജ്ഞാന ശൃംഖല (എൻ.കെ.എൻ)<br>3. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC)<br>4. ശരിയായ അധ്യാപക – വിദ്യാർത്ഥി അനുപാതം ഉറപ്പാക്കുക<br>5. വ്യവസായ-വിദ്യാർത്ഥി-സർവകലാശാല ബന്ധം<br>6. വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണവും സംയോജനവും പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുക<br>7. അന്തർ സർവകലാശാല സെന്ററുകൾ കൂടുതൽ വിഭവങ്ങൾ ഉപയോഗിച്ച് ശക്തിപ്പെടുത്തുക |

| | |
|---|---|
| | 8. നൈപുണ്യശേഷി വികസന സംരംഭങ്ങൾ ആരംഭിക്കുക<br>9. വിദ്യാർത്ഥികൾക്ക് വിവിധ ജോലികളിലുള്ള പരിശീലനവും അപ്രന്റീസ് ഷിപ്പും<br>10. വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതികൾ<br>11. ഫാക്കൽറ്റി സപ്പോർട്ട് പ്രോഗ്രാമുകൾ, എമേരിറ്റസ് പ്രൊഫസ്സർഷിപ്പ്<br>12. സ്കോളർഷിപ്പ്സ്, ഗ്രാന്റുകളും മറ്റ് ധനസഹായങ്ങളും വിദ്യാർത്ഥികൾക്ക് നൽകുക.<br>**സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കേരള സംസ്ഥാന ആസൂത്രണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ട് വച്ച ശിപാർശകൾ താഴെപറയുന്നവയാണ്**:-<br>1. എൻ.എസ്.ക്യു.എഫ്-മായി ചേർന്നു ഒരു ക്വാളിറ്റി അഷ്വറൻസ് ഫ്രെയിംവർക്ക് വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക<br>2. പ്രൊഫഷണൽ/വൊക്കേഷണൽ എഡ്യൂക്കേഷൻ ട്രെയിനിംഗിൽ |

| | |
|---|---|
| | (ടി.വി.ഇ.ടി) മിനിസ്റ്റീരിയൽ, അക്കാദമിക് ഉദ്യോഗസ്ഥർ എന്നിവർക്കായി പ്രൊഫഷണൽ ആൻഡ് കരിയർ ഡവലപ്മെന്റ് പോളിസി (പി.സി.ഡി) വികസിപ്പിക്കുക.<br>3. ആർ ആൻഡ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകളും വൊക്കേഷണൽ വിദ്യാഭ്യാസ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് ഒരു സംഘടന രൂപീകരിക്കുക.<br>4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും വ്യവസായത്തിൽ തൊഴിൽ പരിശീലനം നേടിയ വ്യക്തികളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ദേശീയതലത്തിലോ, ആഗോള തലത്തിലോ അക്രിഡിറ്റേഷൻ ലഭിച്ച വൊക്കേഷണൽ കേന്ദ്രീയ തൊഴിൽ പരിശീലന നിലവാര വ്യവസ്ഥ കൊണ്ട് വരുക.<br>5. പ്രാദേശിക അന്തർ ദേശീയ ജോലി സാദ്ധ്യതകൾ പരിഗണിച്ചു കൊണ്ടുള്ള പരിശീലന ആവശ്യകത വിശകലനം ചെയ്യുക. |

| | |
|---|---|
| | ഈ ശിപാർശകൾ പ്രാവർത്തികമാക്കുവാൻ വേണ്ടി പ്രസ്തുത പദ്ധതി/ പരിപാടികൾ വാർഷിക പദ്ധതി വഴി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഇത് നടപ്പിലാക്കുവാൻ പ്രത്യേക ഏജൻസികളെ ചുമതലപ്പെടു-ത്തുന്നതിന് സർക്കാർ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| ബി) ഇത്തരം മാറ്റങ്ങൾ കൊണ്ടു വരാൻ നീതി ആയോഗ് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; ഇതു സംബന്ധമായ എന്തെങ്കിലും കത്തുകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**